(ബി) 2003-ൽ കമ്പനിയുടെ ബ്ലൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റ് ലീസിനു കൊടുക്കുവാനുള്ള എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നു. ഈ കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളുടെ വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.† കമ്മിറ്റി രണ്ടു പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ ആത്മഹത്യ

124 [1341] ശ്രീ. ബിനോയ് വിശ്വം:

„ എൻ. രാജൻ:

„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉടമകൾ ഉപേക്ഷിച്ചുപോയതും അടച്ചുപൂട്ടിയതുമായ എത്ര തോട്ടങ്ങൾ ഉണ്ട്;

(ബി) ഈ തോട്ടങ്ങളിലെല്ലാംകൂടി എത്ര തൊഴിലാളികൾ ഉണ്ട്;

(സി) കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനുള്ളിൽ എത്ര തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 21 തോട്ടങ്ങൾ.

(ബി) 15858 തൊഴിലാളികളുണ്ട്.

(സി) തോട്ടം തൊഴിലാളികൾ ആത്മഹത്യ ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

"കൂടുതൽ തുക ഭരണപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കുന്ന ക്ഷേമനിധി ബോർഡുകൾ"

125 [1351] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ. രാധാകൃഷ്ണൻ:

„ ടി. കെ. ബാലൻ:

„ ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകൾ ക്ഷേമ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നതിനെക്കാൾ കൂടുതൽ തുക ഭരണപരമായ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്ഷേമനിധി ബോർഡുകൾ ക്ഷേമനിധിയിൽ നിന്ന് അംഗങ്ങൾക്ക് നൽകേണ്ട പെൻഷൻ ഒഴികെയുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങൾക്ക് കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ക്ഷേമനിധി ബോർഡും കുടിശ്ശിക വരുത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ;

(സി) തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾക്കു ചെലവഴിച്ച തുകയെക്കാൾ കൂടുതൽ തുക ഭരണകാര്യങ്ങൾക്കായി ചെലവഴിച്ച ക്ഷേമനിധി ബോർഡുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ക്ഷേമ ആനുകൂല്യങ്ങൾ പൂർണ്ണ തോതിൽ വിതരണം ആരംഭിച്ചിട്ടില്ലാത്ത കേരള ബീഡി-സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ 2000-01, 2003-04 വർഷങ്ങളിലും കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലും ക്ഷേമനിധികാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചതിനേക്കാൾ കൂടുതൽ തുക ഭരണപരമായ കാര്യങ്ങൾക്ക് വിനിയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഭരണപരമായി ചെലവുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴികെയുള്ള മറ്റ് ക്ഷേമനിധി ബോർഡുകളൊന്നുംതന്നെ അംഗങ്ങൾക്കു നൽകേണ്ട പെൻഷൻ ഒഴികെയുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങൾക്ക് കുടിശ്ശിക വരുത്തിയിട്ടില്ല. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31-3-2004 വരെ അംഗങ്ങളിൽ നിന്ന് ലഭിച്ച 1,38,383 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് 60 കോടി രൂപ ആവശ്യമാണ്.

(സി) കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്.

ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

126 [1352] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും ഓരോ ക്ഷേമനിധി ബോർഡും തൊഴിലാളികളുടെ ആനുകൂല്യങ്ങളും പെൻഷനും നൽകാൻ എന്ത് തുക ചെലവഴിച്ചു എന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly